# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.04.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി തുടരുന്നു. കേരളത്തിൽ നാമനിർദ്ദേശ പത്രിക മറ്റന്നാൾ വരെ സമർപ്പിക്കാം .

**Election campaigning is intensified across the Country. In Kerala, last date of filing nominations is on Thursdsay.**

2. പൊതു തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ആറ് സംസ്ഥാനങ്ങളിൽ പ്രത്യേക നിരീക്ഷകരെ നിയമിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

**Election Commission today appointed Special Observers in six states to provide critical feedback and vigilant oversight for a level playing field during the upcoming Lok Sabha and assembly polls**

3. അരുണാചൽ പ്രദേശിലെ വിവിധ സ്ഥലങ്ങൾക്ക് പുതിയ പേരുകൾ നൽകുന്ന ചൈനീസ് നടപടിയെ അപലപിച്ച് ഇന്ത്യ.

**India has condemned China for its repeated actions of renaming places in the Indian state of Arunachal Pradesh**

4. ഛത്തീസ്ഗഢിൽ സുരക്ഷാസേനയുമായുള്ള ഏറ്റുമുട്ടലിൽ നാല് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു.

**In Chhattisgarh, four Maoists were killed in an encounter with security forces today.**

**5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ലക്നൗ സൂപ്പർ ജയന്റ്സിനെ നേരിടും**

**In IPL Royal Challengers Banglore will take on Lucknow Super Giants**

**6. അൽ ജസീറ ഉൾപ്പെടെയുള്ള ചാനലുകൾക്ക് താത്കാലിക നിരോധനമേർപ്പെടുത്തുന്ന ബില്ലിന് ഇസ്രായേൽ പാർലമെന്റിന്റെ അംഗീകാരം**

**The Israeli Parliament has approved a law giving powers to the government to ban the broadcast of TV channels including the Qatari-owned network, Al Jazeera.**

**$$$$$$$$$$$$$$$$$$**

**HEADLINE-1**

**REV. 2ND PHASE NOTIFICATION**

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി മറ്റന്നാൾ അവസാനിക്കും. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന വെള്ളിയാഴ്ച നടക്കും. പത്രികകൾ പിൻവലിക്കാൻ ഈ മാസം എട്ട് വരെയാണ് സമയം. ലോക്സഭ തിരഞ്ഞെടുപ്പിൽ പോസ്റ്റൽ വോട്ടിനുള്ള അപേക്ഷ ഇന്ന് കൂടി നൽകാവുന്നതാണ്. വോട്ടർ പട്ടികയിൽ പേരുള്ള ലോക്സഭാ മണ്ഡലത്തിലെ വരണാധികാരിക്കാണ് അപേക്ഷ നൽകേണ്ടത്. 85 വയസ്സിന് മുകളിൽ പ്രായമുള്ളവർ, 40 ശതമാനത്തിൽ കുറയാതെ അംഗപരിമിതിയുള്ള ഭിന്നശേഷിക്കാർ, കോവിഡ് രോഗമുള്ളവരോ കോവിഡ് സംശയിക്കുന്നവരോ ആയവർ, അവശ്യസേവന വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവർ എന്നിവർക്കാണ് പോസ്റ്റൽ വോട്ട് ചെയ്യാൻ അവസരം ലഭിക്കുക. വോട്ടെടുപ്പു ദിനമായ ഏപ്രിൽ 26നു സംസ്ഥാനത്തു പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ ഓഫിസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവധി ബാധകമാണ്. 12 സംസ്ഥാനങ്ങളിലെയും, ജമ്മുകശ്മീരിലെയും 89

മണ്ഡലങ്ങളിലാണ് ഏപ്രിൽ 26 ന് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക.

$$$$$$$$$$$$$$$$$$$

**FIRST PHASE ELCTION**

ഒന്നാംഘട്ടത്തിൽ പൊതുതിരഞ്ഞെടുപ്പ് നടക്കുന്ന ബിഹാറിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും. തമിഴ്നാട് ഉൾപ്പെടെ 17 സംസ്ഥാനങ്ങളിലെയും ലക്ഷദ്വീപ് ഉൾപ്പെടെ 4 കേന്ദ്രഭരണപ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളിലാണ് ആദ്യഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഏപ്രിൽ 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.

$$$$$$$$$$$$$$$$$$$

**HEADLINE-2**

**ECI- SPECIAL OBSERVERS**

ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ മേൽനോട്ടം വഹിക്കുന്നതിന് ആറ് സംസ്ഥാനങ്ങളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രത്യേക നിരീക്ഷകരെ നിയമിച്ചു. ഏഴ് കോടിയിലധികം ജനസംഖ്യയുള്ള പശ്ചിമ ബംഗാൾ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ബീഹാർ എന്നീ സംസ്ഥാനങ്ങൾക്കൊപ്പം ഒരേസമയം ലോക്സഭാ, നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ആന്ധ്രാപ്രദേശ്, ഒഡീഷ സംസ്ഥാനങ്ങളിലേക്കാണ് നിരീക്ഷകരെ നിയമിച്ചത്. വോട്ടിംഗ് യന്ത്രങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ എന്നിവയുടെ കൃത്യമായ മേൽനോട്ടം വഹിക്കുകയും അതുവഴി ജനാധിപത്യ പ്രക്രിയയെ അട്ടിമറിക്കാനുള്ള ശ്രമങ്ങളെ തടയുകയും ചെയ്യുന്നതിനുള്ള നിർണായക ചുമതലയാണ് പ്രത്യേക നിരീക്ഷകരെ ഏൽപ്പിച്ചിരിക്കുന്നത് .

$$$$$$$$$$$$$$$$$$$

**PM-ELECTION RALLY**

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് രാജസ്ഥാനിലും ഉത്തരാഖണ്ഡിലും നടക്കുന്ന എൻഡിഎ തിരഞ്ഞെടുപ്പ് പ്രചാരണ റാലികളെ അഭിസംബോധന ചെയ്യും. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷം ഇതാദ്യമായാണ് ശ്രീ.മോദി രാജസ്ഥാനിൽ പൊതുയോഗത്തിൽ പങ്കെടുക്കുന്നത്. ഉത്തരാഖണ്ഡിലെ രുദ്രാപൂരിൽ നടക്കുന്ന പൊതുറാലിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

$$$$$$$$$$$$$$$$$$

**MALAPPURAM-CM**

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി മലപ്പുറം മണ്ഡലത്തിലെ വിവിധയിടങ്ങളിൽ നടന്ന പ്രചരണ പരിപാടികളിൽ മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ പങ്കെടുക്കുന്നു. പെരിന്തൽമണ്ണ, മഞ്ചേരി, കൊണ്ടോട്ടി എന്നിവിടങ്ങളിലെ പരിപാടികളിലാണ് മുഖ്യമന്ത്രി ഇന്ന് പങ്കെടുക്കുന്നത്.

$$$$$$$$$$$$$$$$$$

**HEADLINE-3**

**MEA- ARUNACHAL PRADESH**

അരുണാചൽ പ്രദേശിലെ വിവിധ സ്ഥലങ്ങൾക്ക് പുതിയ പേരുകൾ നൽകുന്ന ചൈനയുടെ നടപടിയെ ഇന്ത്യ അപലപിച്ചു. അരുണാചൽ പ്രദേശ് ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്ന യാഥാർത്ഥ്യത്തെ ഇല്ലാതാക്കാൻ ഇത്തരം നടപടികൾ സഹായിക്കില്ലെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ചൈനയുടെ പ്രകോപനപരമായ നീക്കത്തെ അപലപിച്ച വിദേശകാര്യമന്ത്രി എസ്. ജയശങ്കർ അരുണാചൽപ്രദേശ് എന്നും ഒരു ഇന്ത്യൻ സംസ്ഥാനം ആയിരിക്കുമെന്നും, സ്ഥലങ്ങളുടെ പേരുകൾ മാറ്റുന്നത് ഇതിനെ ഇല്ലാതാക്കില്ലെന്നും അഭിപ്രായപ്പെട്ടു.

അരുണാചൽ പ്രദേശിലെ 30 സ്ഥലങ്ങൾക്ക് അനധികൃതമായി പേരുകൾ നൽകിയ ചൈനയുടെ നടപടിയെ കേന്ദ്രമന്ത്രി കിരൺ റിജിജുവും അപലപിച്ചു.

$$$$$$$$$$$$$$$$$$$

**HEADLINE-4**

**CHHATTISGARH-MAOISTS KILLED**

ഛത്തീസ്ഗഢിൽ സുരക്ഷാസേനയുമായുള്ള ഏറ്റുമുട്ടലിൽ നാല് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. ബീജാപൂർ ജില്ലയിലെ ഗംഗലൂരിൽ സിആർപിഎഫ്, കോബ്രാ ബറ്റാലിയൻ, ജില്ലാ റിസർവ് ഗാർഡ്, സ്പെഷ്യൽ ടാസ്ക് ഫോഴ്സ് എന്നിവ സംയുക്തമായി നടത്തിയ തിരച്ചിലിനിടെയാണ് വെടിവെയ്പ്പ് നടന്നത്.നാല് മാവോയിസ്റ്റുകളുടെ മൃതദേഹങ്ങളും ലൈറ്റ് മെഷീൻ ഗൺ , ബാരൽ ഗ്രനേഡ് ലോഞ്ചർ തുടങ്ങിയ ആയുധങ്ങളും സംഭവസ്ഥലത്തുനിന്നും സുരക്ഷാ ഉദ്യോഗസ്ഥർ കണ്ടെടുത്തു. പ്രദേശത്ത് തിരച്ചിൽ തുടരുകയാണ്.

$$$$$$$$$$$$$$$$$$$

**Vistara**

വിമാനസർവീസുകൾ തുടർച്ചയായി വൈകുന്നതിൽ വിസ്താര എയർലൈൻസിൽ നിന്നും റിപ്പോർട്ട് തേടി സിവിൽ വ്യോമയാന മന്ത്രാലയം. വിമാനങ്ങൾ വൈകുകയോ റദ്ദാക്കുകയോ ചെയ്യുമ്പോൾ യാത്രികർക്ക് നൽകേണ്ട സേവനങ്ങൾ സംബന്ധിച്ച ഡിജിസിഎ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും മന്ത്രാലയം വിമാനക്കമ്പനിയോട് ആവശ്യപ്പെട്ടു.

$$$$$$$$$$$$$$$$$$$

**RAJASTHAN-GAGAN SHAKTI**

ഇന്ത്യൻ വ്യോമസേനയുടെ കരുത്തു തെളിയിക്കുന്ന ഗഗൻ ശക്തി അഭ്യാസിന് രാജസ്ഥാനിൽ തുടക്കമായി. ജയ്സാൽമീർ ജില്ലയിലെ പൊഖ്റാൻ ഫീൽഡ് ഫയറിംഗ് റേഞ്ചിൽ ഇന്നലെ ആരംഭിച്ച വ്യോമാഭ്യാസം ഈ മാസം 10 വരെ തുടരും. വ്യോമസേനയുടെ എല്ലാ പ്രധാന യുദ്ധവിമാനങ്ങളും ആധുനിക ഹെലികോപ്റ്ററുകളും തങ്ങളുടെ പ്രഹരശേഷി ഈ മെഗാ അഭ്യാസത്തിലൂടെ പ്രകടിപ്പിക്കുന്നു. തേജസ്, റഫാൽ, സുഖോയ് 30, ജാഗ്വാർ, തുടങ്ങി നിരവധി യുദ്ധവിമാനങ്ങളും ഹെലികോപ്റ്ററുകളും അഭ്യാസത്തിൽ പങ്കെടുക്കും.

$$$$$$$$$$$$$$$$$$$

**JAISHANKAR-SURAT**

അതിർത്തിയിൽ സംഘർഷാവസ്ഥ നിലനിൽക്കുന്ന കാലത്തോളം പാകിസ്ഥാനുമായി വ്യാപാര ബന്ധത്തിന് യാതൊരു സാധ്യതയുമില്ലെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. സൂറത്തിൽ നടന്ന കോർപ്പറേറ്റ് ഉച്ചകോടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഒരുവിധ ഭീകരവാദത്തെയും പ്രോത്സാഹിപ്പിക്കില്ലെന്നും ശ്രീ ജയശങ്കർ വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$

**IDUKKI, IRAVIKULAM NATIONAL PARK- INTRO**

വിനോദ സഞ്ചാരികളുടെ ഇഷ്ട കേന്ദ്രമായ ഇടുക്കി ജില്ലയിലെ ഇരവികുളം ദേശീയോദ്യാനം വീണ്ടും തുറന്നു. വരയാടുകളുടെ പ്രജനന കാലത്തോടനുബന്ധിച്ച് രണ്ടുമാസത്തേക്ക് പാർക്ക് അടച്ചിട്ടിരിക്കുകയായിരുന്നു. മധ്യവേനലവധി ആരംഭിച്ചതോടെ മൂന്നാറിലേക്കെത്തുന്ന സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. ഉദ്യാനം തുറക്കുക കൂടി ചെയ്യുതോടെ സഞ്ചാരികളുടെ തിരക്കിനിയും കൂടുമെന്നാണ് പ്രതീക്ഷ.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..........

(വോയിസ്)

$$$$$$$$$$$$$$$$$$$

## HEADLINE-5

### IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു ലക്നൗ സൂപ്പർ ജയൻറ്സിനെ നേരിടും. ബംഗളുരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 07.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെ രാജസ്ഥാൻ റോയൽസ് ആറ് വിക്കറ്റിന് പരാജയപ്പെടുത്തി. മുംബൈ ഉയർത്തിയ 126 റൺസ് ലക്ഷ്യം 15.3 ഓവറിൽ രാജസ്ഥാൻ മറികടക്കുകയായിരുന്നു.

$$$$$$$$$$$$$$$$$$$

### ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ് സി ഒഡീഷയെ നേരിടും . രാത്രി 7 .30 ന് ഒഡിഷയിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം. ഹൈദരാബാദിൽ ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ സിറ്റി ഹൈദരാബാദ് എഫ്.സി യെ എതിരില്ലാത്ത മൂന്ന് ഗോളിന് പരാജയപ്പെടുത്തി.

$$$$$$$$$$$$$$$$$$$

## HEADLINE-6

### ISRAEL- AL JAZEERA BAN

അൽ ജസീറ ഉൾപ്പെടെയുള്ള ടെലിവിഷൻ ചാനലുകൾക്ക് നിരോധനമേർപ്പെടുത്തുന്ന ബില്ലിന് ഇസ്രായേൽ പാർലമെൻ്റ് അംഗീകാരം നൽകി. ഇസ്രയേലിന്റെ സുരക്ഷയ്ക്ക് ഭീഷണിയാണെന്ന് ചൂണ്ടിക്കാട്ടിയാണ് വിദേശ ചാനലുകൾക്ക് താൽക്കാലിക നിരോധനം ഏർപ്പെടുത്തുന്നത്. ഖത്തർ ഉടമസ്ഥതയിലുള്ള അൽ ജസീറ നെറ്റ്‌വർക്കിൻ്റെ പ്രാദേശിക ഓഫീസ് അടച്ചുപൂട്ടാൻ ഉടൻ നടപടിയെടുക്കുമെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു വ്യക്തമാക്കി. വിദേശ മാധ്യമ പ്രവർത്തകർക്ക് ഗാസയിൽ പ്രവേശിക്കുന്നതിന് വിലക്കുള്ളതിനാൽ അൽ ജസീറ മാത്രമാണ് ഗാസ മുനമ്പിൽ നിന്നും യുദ്ധം നേരിട്ട് റിപ്പോർട്ട് ചെയ്യുന്നത്. നിരോധനം ജൂലൈ വരെയോ ഗാസയിലെ യുദ്ധം അവസാനിക്കുന്നതുവരെയോ വരെയോ തുടരും. എന്നാൽ ഇസ്രയേൽ നടപടിയിൽ അമേരിക്ക ആശങ്ക പ്രകടിപ്പിച്ചു.

$$$$$$$$$$$$$$$$$$$

## WEATHER

സംസ്ഥാനത്ത് വരും ദിവസങ്ങളിലും പകൽ താപനില വർദ്ധിക്കാൻ സാധ്യത. ഇന്ന് 12 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,എറണാകുളം,തൃശ്ശൂർ,പാലക്കാട്,കണ്ണൂർ, കോഴിക്കോട്,മലപ്പുറം, കാസർകോട് ജില്ലകളിലാണ് മുന്നറിയിപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ പശ്ചാതലത്തിൽ കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ 1.6 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യതൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

$$$$$$$$$$$$$$$$$$$

## KOVALAM- CAMP

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയിലുണ്ടായ കടൽക്ഷോഭത്തെ തുടർന്ന്

നെയ്യാറ്റിൻകര താലൂക്കിലെ രണ്ട് ദുരിതാശ്വാസ ക്യാമ്പുകളിലായി എത്തിയവരുടെ എണ്ണം 55 ആയി. കുളത്തൂർ വില്ലേജിലെ പൊഴിയൂർ ഗവ. യു.പി സ്കൂളിലും കരുംകുളം വില്ലേജിലെ പുല്ലുവിള ലിയോ തെർട്ടീൻത് സ്കൂളിലുമായി 35 കുടുംബങ്ങളാണ് കഴിയുന്നത്. കോവളം മണ്ഡലത്തിൽ കഴിഞ്ഞദിവസം ഉണ്ടായ കടൽക്ഷോഭത്തിൽ തീരദേശമേഖലയിലെ വീടുകൾക്ക് നാശം സംഭവിച്ചതിന്റെ പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ജില്ലാ കളക്ടർ ജെറോമിക് ജോർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചു. കടലാക്രമണം മൂലം അടിഞ്ഞുകൂടിയ മാലിന്യങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ അടിയന്തരമായി നീക്കം ചെയ്യുന്നതിനും വീടുകൾക്കുണ്ടായ നാശനഷ്ടം കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകി.

$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$